പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3305 13.03.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യിൽ ജോലിയിൽ പ്രവേശിച്ചവരുടെ സർവ്വീസ് റെഗുലറൈസേഷൻ

ചോദ്യം

ശ്രീ. ഐ.ബി. സതീഷ്

ഉത്തരം

ശ്രീ. എ.കെ.ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 14.12.2010 തീയതിയിലെ A1/2010 സർക്കാർ ഉത്തരവും PL17/036142/11 കെ.എസ്.ആർ.ടി.സി. ഉത്തരവും പ്രകാരം 14.12.2010 ന് ശേഷം കെ.പി.എസ്.സി വഴി കെ.എസ്.ആർ.ടി.സി യിൽ ജോലിയിൽ പ്രവേശിച്ചവരുടെ സർവ്വീസ് റഗുലറൈസ് ചെയ്യാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ; | (എ) | ഉണ്ട്. ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒന്നായ കെ.എസ്.ആർ.ടി.സിയിൽ നിന്നും നിയമനം നൽകുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം വളരെ കൂടുതലാണ്. ഈ കാരണത്താൽ കെ.പി.എസ്.സി.യുടെ സർവ്വീസ് വെരിഫിക്കേഷന് കാലതാമസം നേരിടുന്നു. ഇതു സംബന്ധിച്ച 22.07.15-ലെ PL4/4913/14 എന്ന ചീഫ് ഓഫീസ് ഉത്തരവു പ്രകാരം 14.12.10-നു ശേഷം കെ.പി.എസ്.സി. വഴി നിയമനം ലഭിച്ചിട്ടുള്ള ജീവനക്കാർക്ക് പരിശീലനകാലം പൂർത്തിയാകുന്ന മുറയ്ക്ക് അതാത് തസ്തികയിലെ അനുവദനീയ ശമ്പള സ്കെയിലിൽ ശമ്പളം നൽകണമെന്നും, എന്നാൽ ഇൻക്രിമെന്റ് അനുവദിക്കുന്നതും, സേവനകാലം ക്രമപ്പെടുത്തുന്നതും കെ.പി.എസ്.സിയുടെ നിയമന പരിശോധനയ്ക്ക് ശേഷം മാത്രമേ പാടുള്ളൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. നിലവിൽ പി.എസ്.സിയുടെ നിയമന പരിശോധന ഘട്ടം ഘട്ടമായി നടന്നു കൊണ്ടിരിക്കുകയാണ്. |

| | | | |
|---|---|---|---|
| (ബി) | ആറ് വർഷത്തോളമായി സർവ്വീസ് റെഗുലറൈസേഷൻ നടത്താത്തതിനാൽ കാട്ടാക്കട ഡിപ്പോയിലെ 200-ഓളം ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | 05.09.2013-ലെ കണ്ടക്ടർമാരുടെ അഡ്വൈസ് റിവൈസ് ചെയ്യേണ്ട കാരണത്താൽ ടി ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാരുടെ നിയമന പരിശോധന കെ.പി.എസ്.സിയിൽ ആരംഭിച്ചിട്ടില്ല. പ്രസ്തുത നടപടികൾ ഉടൻ തന്നെ ആരംഭിക്കുമെന്ന് പി.എസ്.സിയിൽ നിന്ന് അറിയിച്ചിട്ടുണ്ട്. നിലവിൽ കാട്ടാക്കട യൂണിറ്റിൽ ഏകദേശം 120 ജീവനക്കാരുടെ വെരിഫിക്കേഷൻ കൂടി നടത്തേണ്ടതുണ്ട്. ടി ജീവനക്കാരുടെ വെരിഫിക്കേഷൻ രേഖകൾ കെ.പി.എസ്.സിക്ക് അയച്ചിട്ടുണ്ടെങ്കിലും, വെരിഫിക്കേഷൻ നടപടികൾ ഘട്ടം ഘട്ടമായി നടന്നു വരികയാണ്. |

**സെക്ഷൻ ഓഫീസർ**